കേരള സർക്കാർ

തേങ്കുറിശ്ശി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

*e-mail:auditlfdopkd@gmail.com*

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി15/123/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,

പാലക്കാട്

തീയതി-27.01.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തേങ്കുറിശ്ശി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : തേങ്കുറിശ്ശി ഗ്രാമ പഞ്ചായത്ത്- 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തേങ്കുറിശ്ശി ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഇ-മെയിൽ മുഖേന)

2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3. കാര്യാലയ പകർപ്പ്

നം. കെ എസ് എ-പികെഡി15/123/2017 തീയതി – 27.01.2017

## പാലക്കാട് ജില്ലയിലെ തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യപത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ 08/2016 തിയ്യതി വരെയുള്ള വരവ് ചെലവ് കണക്കുകളുടെ വിശദമായ പരിശോധന പെർഫോമൻസ് ഓഡിറ്റ് വിഭാഗം പരിശോധിച്ച് 19-09-2016ന് റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുള്ളതാണ്. പഞ്ചായത്ത് 01-8-2016 മുതൽ 30-08-2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയിൽ പ്രസക്തമായ അപാകതകളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ലാത്തതിനാൽ താഴെ പറയുന്ന രശീതികളുടെ പരിശോധനയും 03/2016 മാസത്തെ വിവിധ അക്കൗണ്ടുകളിലെ പിൻവലിക്കലുകളും മാത്രമാണ് ഓഡിറ്റിൽ പരിശോധിച്ചിട്ടുള്ളത്.

| രസീത് ഇനം | പരിശോധിച്ച രശീതികൾ | ഉപയോഗിച്ച ആകെ രശീതികളുടെ എണ്ണം |
|---|---|---|
| സാംഖ്യ രസീത് | മുതൽ വരെ | |
| മാന്വൽ രസീത് ബുക്കുകൾ | 47331മുതൽ 47345 വരെ | 47331മുതൽ 47345 വരെ |

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന് ലഭ്യമായ മറുപടി പരിഗണിച്ച ശേഷം നില നിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകൾ/ രേഖകൾ/ വിവരങ്ങൾ/വിശദീകരണം കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിൽ നിർദ്ദേശിച്ച പ്രകാരമുള്ള പെർഫോമൻസ് ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കിയ വിവരങ്ങൾ/ഓഡിറ്റ് റിപ്പോർട്ട് /ഗ്രാമപഞ്ചായത്തിന്റെ തീരുമാനം എന്നിവയുടെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം നിർവ്വഹണാധികാരികൾ എന്നിവയുടെ വിവരം അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.എൻ.വാസുദേവൻ<br>ഡെപ്യൂട്ടി ഡയറക്ടർ |

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13.12.2016 മുതൽ 20.12.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.എൻ.സുമേഷ്,<br>ഓഡിറ്റ് ഓഫീസർ<br><br>ശ്രീ.ശ്രീജിത്.പി.ഡി,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ<br><br>ഉഷാകുമാരി.വി.ടി<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.പി.കൃഷ്ണൻ | 1.4.2015മുതൽ<br>18.11.2015 വരെ |
| ടി | ശ്രീമതി.ഇന്ദിര.സി | 19.11.2015മുതൽ<br>31.03.2016 വരെ |
| സെക്രട്ടറി | ശ്രീ.കെ.ജയന്തകുമാർ | 01.04.2015മുതൽ<br>31.03.2016 വരെ |
| അസി.സെക്രട്ടറി. | ശ്രീ.എ.ശിഹാബുദീൻ | 01.04.2015മുതൽ<br>11.01.2016 വരെ |
| ടി | ശ്രീമതി.വി.ബിന്ദു<br>(HC i/c) | 12.01.2016 മുതൽ<br>18.01.2016 വരെ |
| ടി | ശ്രീ.കെ.കിഷോർ | 19.01.2016മുതൽ<br>31.03.2016 വരെ |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി.എൻജിനീയർ | ശ്രീമതി.ബീന.എസ് | 01.04.2015മുതൽ<br>23.07.2015 വരെ |
| ടി | ശ്രീ.ദിനേഷ് കുമാർ | 24.07.2015മുതൽ<br>31.07.2015 വരെ |
| ടി | ശ്രീ.കെ.സി.കൃഷ്ണനുണ്ണി<br>(AE i/c) | 01.08.2015മുതൽ<br>31.08.2015 വരെ |
| ടി | ശ്രീ.ദിനേഷ് കുമാർ | 01.09.2015മുതൽ<br>31.12.2015 വരെ |
| ടി | ശ്രീ.കെ.സി.കൃഷ്ണനുണ്ണി<br>(AE i/c) | 01.01.2016മുതൽ<br>31.03.2016 വരെ |
| വി.ഇ.ഒ | ശ്രീമതി.ദീപ | 01.04.2015മുതൽ<br>08.03.2016 വരെ |
| ടി | ശ്രീ.സുനിൽകുമാർ | 09.03.2016 മുതൽ<br>31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ<br>(അലോപ്പതി) | ഡോ.കെ.എസ്.മഹി | 01.04.2015മുതൽ<br>31.03.2016 വരെ |
| വെറ്ററിനറി സർജൻ | ഡോ.ലെസ്സ സാഹിബ് | 01.04.2015മുതൽ<br>31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ<br>(ആയുർവേദം) | ഡോ.ടി.ഗീതാറാണി | 01.04.2015മുതൽ<br>31.03.2016 വരെ |

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.ആർ.ആഷ | 01.04.2015മുതൽ 31.03.2016 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.ഋഷി | 01.04.2015മുതൽ 31.03.2016 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.സൗദാമിനി | 1.4.2015 മുതൽ 30.08.2015 വരെ |
| ടി | ശ്രീമതി.പാർവതി | 01.09.2015 മുതൽ 31.03.2016 വരെ |
| ഹെഡ് മാസ്റ്റർ<br>ജി.എൽ.പി.എസ് തേങ്കുറിശ്ശി | ശ്രീമതി.ബേബിപ്രസന്ന | 01.04.2015മുതൽ 31.03.2016 വരെ |

<u>ഉള്ളടക്കം</u>

ഭാഗം 1

<u>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം.</u>

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1(1) |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1(3) |
| 4 | സാമ്പത്തിക വിശകലനം | 1(4) |
| 5 | ഫണ്ട് വിനിയോഗം | 1(5) |
| 6 | പദ്ധതി അവലോകനം | 1(6) |
| 7 | തനത് വരുമാനം | 1(7) |
| 8 | ക്ഷേമപദ്ധതികൾ | 1(8) |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1(9) |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(10) |
| 11 | അനുബന്ധ പത്രിക | 1(11) |

ഭാഗം-II

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (1)1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | പരസ്യനികുതി പിരിക്കുന്നില്ല | 2(1) |
| 2 | തൊഴിൽനികുതി- അപാകതകൾ സംബന്ധിച്ച് | 2(2) |
| 3 | പഞ്ചായത്ത് കെട്ടിടം-വാടക കുടിശ്ശിക പിഴപലിശ ഒഴിവാക്കിയത് സംബന്ധിച്ച്. | 2(3) |
| 4 | ഡി&ഒ ലൈസൻസ് ഫീ- അപാകതകൾ ക്രമീകരിക്കേണ്ടതാണ് | 2(4) |

| | | |
|---|---|---|
| 5 | മൊബൈൽ ടവർ- വസ്തുനികുതി,ഇൻസ്റ്റലേഷൻ ഫീ (പെർമിറ്റ് ഫീ)കുടിശ്ശിക ഈടാക്കേണ്ടതാണ് | 2(5) |
| 6 | പഞ്ചായത്ത് റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ | 2(6) |

ഭാഗം-III

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (2)1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | മീഡിയാശ്രീ പദ്ധതിക്ക് നൽകിയ തുകയുടെ വിനിയോഗ രേഖകൾ ലഭ്യമാക്കേണ്ടതാണ് | 3(1) |
| 2 | അസാധാരണ ചെലവുകൾ- ചട്ടപ്രകാരമുള്ള രേഖകൾ സൂക്ഷിക്കണം | 3(2) |
| 3 | പൊതുടാപ്പുകളുടെ വെള്ളക്കരം -പഞ്ചായത്തിന് ബാദ്ധ്യത | 3(3) |
| 4 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണം | 3(4) |
| 5 | ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കണം | 3(5) |
| 6 | ആശ്രയ പദ്ധതി- അവലോകനം | 3(6) |
| 7 | മാലിന്യ സംസ്കരണം ശാസ്ത്രീയമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കണം | 3(7) |
| 8 | തനതു ഫണ്ടിൽ നിന്നും കെ.എസ്.ഇ.ബിക്ക് നൽകിയ അഡ്വാൻസ് ക്രമീകരിച്ചിട്ടില്ല. | 3(8) |
| 9 | കണക്ടിവിറ്റി പ്ലാൻ നടപ്പാക്കിയില്ല – റോഡുകളെ ചെറിയ കഷ്ണങ്ങളാക്കി പ്രൊജക്ടുകൾ ഉണ്ടാക്കുന്നു | 3(9) |

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) |
| 2 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4(2) |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4(4) |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4(5) |
| 6 | ഓഡിറ്റ് റിക്കവറി | 4(6) |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4(7) |

| | | |
|---|---|---|
| 8 | ആശുപത്രി വികസന സമിതികളുടെ കണക്കുകൾ | 4(8) |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4(9) |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(10) |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| 2015-16 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി |
|---|
| തീരുമാനം നം.1, തിയ്യതി-20.3.2015 |

## 1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 28.7.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 28310705.54 |
| വരവ് | 45660760 |
| ആകെ | 73971465.54 |
| ചെലവ് | 63161790 |
| നീക്കിബാക്കി | 10809675.54 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | | ആകെ തുക | ആകെ ചെലവ് | ട്രാൻസ്ഫർ ക്രഡിറ്റ് | തിരിച്ചടച്ചത്/ ലാപ്സ് ആയത് | നീക്കി ബാക്കി (RP 40 b പ്രകാരം) |
|---|---|---|---|---|---|---|---|---|
| | | മറ്റ് ഫണ്ടുകളിൽ നിന്ന് TC ആയി വന്ന തുക | അലോക്കേഷൻ വരവ് | | | | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 4513557 | 7507973 | 10338122 | 22359652 | 12701761 | 0 | 9657891 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 6020341 | 0 | 14251169 | 20271510 | 16932281 | 1209169 | 2130060 | 0 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 00 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 1038469 | 0 | 4994000 | 6032469 | 5987345 | 0 | 45124 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 1030392 | 0 | 3242000 | 4272392 | 3192407 | 0 | 1079985 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 1626600 | 0 | 7217691 | 8844291 | 5759415 | 2961507 | 123369 | 0 |
| ലോക ബാങ്ക് സഹായം | 3498061 | 0 | 33337297 | 6835358 | 2127528 | 3337297 | 1370533 | 0 |

# 1-6 <u>പദ്ധതി അവലോകനം</u>

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 160 | 134 | - | 26 | 83.75% |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 21 | 14 | 5342171 | 4709545 | 88% |
| അസി.സെക്രട്ടറി | 11 | 10 | 8241119 | 7776619 | 94% |
| അസി.എഞ്ചിനിയർ | 98 | 84 | 28461807 | 24056145 | 85% |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 2 | 2 | 404317 | 260951 | 65% |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 1 | 1 | 500000 | 500000 | 100% |
| വെറ്റിനറി സർജൻ | 2 | 2 | 400000 | 400000 | 100% |
| കൃഷി ഓഫീസർ | 2 | 2 | 3194730 | 1832400 | 57% |
| ICDS സൂപ്പർവൈസർ | 5 | 5 | 3194935 | 3026239 | 95% |
| വി.ഇ.ഒ | 16 | 12 | 7713481 | 3687175 | 48% |

| | | | | | |
|---|---|---|---|---|---|
| ഹെഡ് മാസ്റ്റർ | 1 | 1 | 705157 | 705157 | 100% |
| ഡയറി ഫാം ഇൻസ്ട്രക്റ്റർ | 1 | 1 | 250000 | 250000 | 100% |
| ആകെ | 160 | 134 | 58407717 | 47204231 | |

## 1-7 തനത് വരുമാനം

| ഇനം | മുൻവർഷം (2014-15) | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2510064 | 1759204 | -750860 | -29.91% |
| നികുതിയേതര വരവുകൾ | 1440959 | 842786 | -598173 | -41.51% |
| ആകെ | 3951023 | 2601990 | -1349033 | -34.14% |

## 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി.

| ക്രമ നം. | പദ്ധതി | 2015-16 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ | കാലതാമസം ഉണ്ടെങ്കിൽ പരിഹാര മാർഗ്ഗം. |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 41 | 39 | 2 | |
| 2 | തൊഴിൽ രഹിത വേതനം | 24 | 16 | 5 | |
| 3 | വിധവാ പെൻഷൻ | 81 | 77 | 4 | |
| 4 | വികലാംഗ പെൻഷൻ | 16 | 13 | 3 | |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 4 | 4 | 0 | |
| 6 | വാർദ്ധക്യകാല പെൻഷൻ | 249 | 234 | 15 | |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13-12-2016ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 21.11.2016 | 1.11.2016 മുതൽ 30.11.2016 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല | - |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 1.4.2011 | 2006-07 മുതൽ 2010-11 വരെ | 18.5.2011 | - |

## 1-11 അനുബന്ധ പത്രിക

അനുബന്ധം-1: ഓഡിറ്റ് സർട്ടിഫിക്കറ്റ്

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 പരസ്യനികുതി പിരിക്കുന്നില്ല

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിൽ പരസ്യനികുതി പിരിച്ചിട്ടില്ല. പരസ്യനികുതി പിരിക്കുന്നതിലേക്ക് ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുമില്ല. 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 209-ാം വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രദർശിപ്പിക്കുന്ന ഏതൊരു പരസ്യത്തിനും സർക്കാരിന്റെ അനുമതിയോടുകൂടി പഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കുന്ന നിരക്കുകളിൽ പരസ്യനികുതി ഈടാക്കേണ്ടതാണ്. പഞ്ചായത്ത് രാജ് നിയമ പ്രകാരം നിർബന്ധമായും പിരിച്ചെടുക്കേണ്ട നികുതികളുടെ കൂട്ടത്തിലാണ് പരസ്യനികുതി ഉൾപ്പെടുത്തിയിട്ടുള്ളത്. പരസ്യനികുതി പിരിച്ചെടുക്കാതിരിക്കുന്നത് തനതു ഫണ്ടിന് നഷ്ടം ഉണ്ടാകുമെന്നതിനാൽ പരസ്യനികുതി പിരിക്കുന്നതിനാവശ്യമായ ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങുന്നതിനും, പരസ്യനികുതി പിരിച്ചെടുക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 തൊഴിൽനികുതി- അപാകതകൾ സംബന്ധിച്ച്

2015-16 ലെ തൊഴിൽ നികുതി പിരിവിന്റെ പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

1. ദിനേശ് കുമാർ.ഡി (എ.ഇ), ഹരിദാസൻ.കെ(ഓവർസിയർ), ദിവ്യ റാണി.പി(എച്ച്.എസ്.എസ്.ടി സീനിയർ-ഹിന്ദി) എന്നിവരും, റോയൽ സിമന്റ് പ്രൊഡക്ട്സിലെ മൊത്തം ജീവനക്കാരും രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.
2. പി.ബാബുരാജ് (ഡ്രോയിംഗ് ടീച്ചർ, ജി.എച്ച്.എസ്. തേങ്കുറുശ്ശി), രേണുക (അസി:ടീച്ചർ, മാനാംകുളമ്പ്) എന്നിവർ ഭിന്നശേഷിയുള്ളവരാണെന്ന് അതത് സ്ഥാപനമേധാവികൾ സമർപ്പിച്ച റിട്ടേണുകളിൽ കാണിച്ചിട്ടുണ്ടെങ്കിലും, ആയതു സ്ഥിരീകരിക്കുന്നതിനുള്ള രേഖകൾ ഒന്നുംതന്നെ സമർപ്പിച്ചതായി കാണുന്നില്ല
3. താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

- റോയൽ സിമന്റ് പ്രൊഡക്ട്സ്
- എ.എൻ.ബി പ്ലാസ്റ്റിക്
- ഇന്നോപാർക്ക്

- മാവേലി സ്റ്റോർ
- ബാംബൂ കോർപറേഷൻ, കണ്ണിയോട്
- മഹാരാജ കോക്കനട്ട് എക്കോ പ്രൊഡക്ട്, കണ്ണിയോട്

ആയതിനാൽ ഖണ്ഡിക ക്രനം 1,3 ൽ സൂചിപ്പിച്ചവരിൽനിന്നും യഥാക്രമം തൊഴിൽനികുതിയും, സ്ഥാപന തൊഴിൽനികുതിയും ഈടാക്കേണ്ടതും, ഖണ്ഡിക ക്രനം 2 ൽ സൂചിപ്പിച്ചവരിൽനിന്നും മെഡിക്കൽബോർഡിന്റെ സർട്ടിഫിക്കറ്റു ലഭ്യമാക്കേണ്ടതും ഈ വിവരങ്ങളെല്ലാം തന്നെ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്( എൻക്വയറി നം 7/17.12.2016 പ്രകാരം ഈ വിവരങ്ങൾ സെക്രട്ടറിയെ ബോധിപ്പിച്ചിട്ടുണ്ട്)

# 2-3 പഞ്ചായത്ത് കെട്ടിടം-വാടക കുടിശ്ശിക പിഴപലിശ ഒഴിവാക്കിയത് സംബന്ധിച്ച്.

പഞ്ചായത്തിന്റെ അധീനതയിലുള്ള 10/70 നം കെട്ടിടം ബാംബൂ കോർപറേഷന് പ്രതിമാസം 3500/- രൂപ പ്രകാരം വാടകയ്ക്ക് നൽകിയിട്ടുണ്ട്. 2015-16 ലെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ കോർപറേഷൻ 12 മാസത്തെ വാടക കുടിശ്ശിക വരുത്തിയതായി കാണുകയുണ്ടായി. കെട്ടിടം വാടകയ്ക്ക് നൽകുന്ന വേളയിൽ പഞ്ചായത്ത് സെക്രട്ടറി ബാംബൂ കോർപറേഷൻ മാനേജിംഗ് ഡയറക്ടർ ശ്രീ: ടി.സുകുമാരൻ നായരുമായി 30.1.2014 ൽ ഒപ്പുവച്ച കരാറിലെ 3-ാം ഖണ്ഡികയിലെ വ്യവസ്ഥ പ്രകാരം മാസവാടകതുകയായ 3500 രൂപ (1.02.2014 മുതൽ 31.03.2016 വരെ) അതാതു ഇംഗ്ലീഷ് മാസം അഞ്ചാം തിയ്യതിക്കു മുൻപായി കോർപറേഷൻ പഞ്ചായത്ത് ഓഫീസിൽ അടവാക്കി രശീതി വാങ്ങുവാനും, ഇപ്രകാരം ചെയ്യാതെ വന്നാൽ 18% പലിശ സഹിതം അടവാക്കാൻ മാനേജിംഗ് ഡയറക്ടർ ബാദ്ധ്യസ്ഥനാണെന്നും ഇരു കൂട്ടരും സമ്മതിച്ച് കരാർ ചമച്ചിട്ടുള്ളതാണ്.

ബാംബൂ കോർപറേഷൻ 12 മാസത്തെ വാടക 42000 രൂപ 31.03.2016 ന് രസീതി നം 11501500027 പ്രകാരം അടവാക്കിയെങ്കിലും പിഴപ്പലിശ ഒടുക്കുകയുണ്ടായില്ല. വാടക വീഴ്ച വരുത്തിയ കാലയളവിലെ പിഴ പലിശ അടയ്ക്കാൻ ബാംബൂ കോർപറേഷൻ ബാദ്ധ്യസ്ഥരായിരുന്നെങ്കിലും അവർ അത് ഒടുക്കിയിരുന്നില്ല.(31.03.2016 ന് രസീതി നം 11501500027 പ്രകാരം വാടക തുകയായ 42000 രൂപ (3500*12) മാത്രമാണ് അടവാക്കിയിരിക്കുന്നത്)

1996 ലെ കേരള പഞ്ചായത്ത് രാജ്(കുറ്റങ്ങൾരാജിയാക്കൽ) ചട്ടത്തിലെ, 6ാം നമ്പർ ചട്ടം പ്രകാരം പഞ്ചായത്തിന് ഏതെങ്കിലും കുടിശ്ശിക രാജിയാക്കണമെങ്കിൽ ടി കുടിശ്ശിക പഞ്ചായത്തിനു ലഭ്യമാക്കിയതിനുശേഷം മാത്രമേ കുടിശ്ശിക രാജിയാക്കാൻ അനുവാദമുള്ളൂ.

6/18.12.2016 എൻക്വയറി പ്രകാരം മേൽപറഞ്ഞ കാര്യങ്ങളെല്ലാം പഞ്ചായത്ത് സെക്രട്ടറിയെ രേഖാമൂലം അറിയിച്ചതിന്റെ, അടിസ്ഥാനത്തിൽ 22.12.2016 ൽ കുടിശ്ശിക തുകയായ 3150 രൂപ രസീതി നം11601500020. പ്രകാരം അടവാക്കിയിട്ടുണ്ട്.

# 2-4 ഡി&ഒ ലൈസൻസ് ഫീ- അപാകതകൾ ക്രമീകരിക്കേണ്ടതാണ്

2015-16 ലെ ഡി&ഒ ലൈസൻസ് ഫീ പരിശോധനയിൽ താഴെകാണും വിധം ചില അപാകതകൾ കാണുന്നുണ്ട്.

1. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡിന്റെ 30.12.2010 ലെ PCB/HO/KYM/16741

/09/09 നം സർക്കുലർപ്രകാരം ഹോളോബ്രിക്സ് നിർമ്മാണയൂണിറ്റുകൾക്കും മലിനീകരണ നിയന്ത്രണബോർഡിന്റെ അനുമതി പത്രം ആവശ്യമാണ്. എന്നാൽ താഴെപ്പറയുന്ന ഹോളോബ്രിക്സ് യൂണിറ്റുകൾ 2015-16 വർഷത്തിൽ ഡി&ഒ ലൈസൻസിനായി നൽകിയ അപേക്ഷയോടൊപ്പം അനുമതിപത്രം സമർപ്പിച്ചിട്ടില്ലെങ്കിലും ഡി&ഒ ലൈസൻസ് അനുവദിച്ചിട്ടുണ്ട്.

- പി.കെ.ഹോളോബ്രിക്സ്, -11401106152153/23.2.15
- കൃഷ്ണ ഹോളോബ്രിക്സ്-11401106322/27.2.15
- വിഘ്നേശ്വര ഹോളോബ്രിക്സ്-11401107118/26.3.15
- നന്മ ഹോളോബ്രിക്സ്-11501101033/12.8.15
- മഹാളികടം ഹോളോബ്രിക്സ്-11501101218/11.10.15

1. ലൈസൻസ് ഫീ രജിസ്റ്ററിൽ, ലൈസൻസ് നൽകിയ അപേക്ഷകളുടെ വിശദാംശങ്ങളിൽ പലതിലും സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തൽ നടത്തിയിട്ടില്ല.(രജി.ക്ര നം. 1 മുതൽ 199 വരെ ലൈസൻസു നൽകിയ അപേക്ഷകളുടെ വിശദാംശങ്ങളിൽ ഒന്നിൽപ്പോലും സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലില്ല)

എൻക്വയറി നം 12/21.12.2016 പ്രകാരം ഇക്കാര്യങ്ങളിൽ വിശദീകരണം ലഭ്യമാക്കണമെന്ന് പഞ്ചായത്ത് സെക്രട്ടറിയെ അറിയിക്കുകയും, മറുപടിയിൽ ഇക്കാര്യങ്ങളിൽ പറ്റിയ വീഴ്ചകൾ ഭാവിയിൽ ഉണ്ടാകാതെ ശ്രദ്ധിക്കുന്നതാണെന്ന ബോധിപ്പിക്കുകയും ചെയ്തു.

## 2-5 മൊബൈൽ ടവർ- വസ്തുനികുതി,ഇൻസ്റ്റലേഷൻ ഫീ (പെർമിറ്റ് ഫീ) കുടിശ്ശിക ഈടാക്കോണ്ടതാണ്.

തേൻകുറുശ്ശി പഞ്ചായത്തുപരിധിയിൽ 8സ്വകാര്യ മൊബൈൽ ടവറുകളും, ബി എസ് എൻ എൽ ന്റെ ഒരു ടവറും നിലവിൽ പ്രവർത്തിച്ചുവരുന്നുണ്ട്.
മൊബൈൽ ടവറുകളിൽ നിന്നും അടവാക്കാൻ ബാക്കിയുള്ള ഇൻസ്റ്റലേഷൻ ഫീ, വസ്തുനികുതി ഇവയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്ര നം | വാർഡ് നം/ പേര് | കെട്ടിട നം | ടവറിന്റെ പേര് | ഇൻസ്റ്റലേഷൻ ഫീ ഈടാക്കിയ വിവരം | ഇൻസ്റ്റലേഷൻ നടത്തിയ വർഷം | വസ്തുനികുതി ഈടാക്കിയ വിവരങ്ങൾ |
|---|---|---|---|---|---|---|
| 1 | 6-തേങ്കുറുശ്ശിത്തറ | 482 | ഭാരതി ഇൻഫ്രാടെൽ ലിമിറ്റഡ് | 10000 | 2008-09 | 2014-15 സാമ്പത്തിക വർഷം വരെ മാത്രമെ അടവാക്കിയിട്ടുള്ളൂ |
| 2 | 5-മഹാളികടം | 18 | റിലയൻസ് ടെലികോം ലിമിറ്റഡ് | 10000 | 2008-09 | 2012-13 സാമ്പത്തിക വർഷം വരെ മാത്രമെ അടവാക്കിയിട്ടുള്ളൂ |
| 3 | 5-മഹാളികടം | 354-എ | വോഡാഫോൺ സെല്ലുലാർ ലിമിറ്റഡ് | ഇൻസ്റ്റലേഷൻ ഫീ ഈടാക്കിയിട്ടില്ല | 2008-09 | 2011-12 സാമ്പത്തിക വർഷം വരെ മാത്രമെ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | അടവാക്കിയിട്ടുള്ളൂ |
| 4 | 10-മുരിങ്ങമല | 105 | വോഡാഫോൺ എസ്.ആർ ലിമിറ്റഡ് | 10000 | 2007-08 | 2013-14സാമ്പത്തിക വർഷം വരെ മാത്രമെ അടവാക്കിയിട്ടുള്ളൂ |
| 5 | 08-കന്നിയോട് | 479 | ഡിഷ്നെറ്റ് വയർലെസ്സ് ലിമിറ്റഡ് | 10000 | 2010-11 | 2012-13സാമ്പത്തിക വർഷം വരെ മാത്രമെ അടവാക്കിയിട്ടുള്ളൂ |

2015-16 ൽ ബി.എസ്.എൻ.എൽ ടവറുകളുടെ വസ്തുനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള യാതൊരു നടപടിയും ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്ന മറ്റ് 8 സ്വകാര്യ മൊബൈൽ ടവറുകളിൽ3 ടവറുകളുടെ വസ്തുനികുതി മാത്രമാണ് 2015-16 ൽ ഈടാക്കിയിരിക്കുന്നത്. കൂടാതെ മേൽ പട്ടിക ക്ര നം 3 ൽ പരാമർശിച്ചിട്ടുള്ള വോഡോഫോൺ കമ്പനിയുടെ ഇൻസ്റ്റലേഷൻ ഫീയും/ പെർമിറ്റ് ഫീയും ഈടാക്കിയിട്ടില്ല.

ഇവ്വിധം വസ്തുനികുതിയും, ഇൻസ്റ്റലേഷൻ ഫീയും യഥാസമയം പിരിച്ചെടുക്കാത്തിനാൽ പഞ്ചായത്തിന് ഭീമമായ വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്.(എൻക്വയറി നം 9/19.12.2016 പ്രകാരം ഇക്കാര്യം സെക്രട്ടറിയെ രേഖാമൂലം അറിയിച്ചിട്ടുണ്ട്)

## 2-6 പഞ്ചായത്ത് റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

റവന്യൂ വരുമാനം കുറവുള്ള ഗ്രാമപഞ്ചായത്തിന്റെ വരവ് വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിൽ കഴിഞ്ഞ 5 വർഷക്കാലയളവിൽ കാര്യമായ പുരോഗതിയൊന്നും ഉണ്ടായിട്ടില്ല. ആയതിനാൽ നിയമാനുസൃതമായി ഏർപ്പെടുത്താവുന്ന പരസ്യനികുതി, സേവന ഉപനികുതി എന്നിവ ഏർപ്പെടുത്തുന്നതിനുള്ള സാധ്യത ഗ്രാമപഞ്ചായത്ത് പരിശോധിക്കേണ്ടതാണ്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. പരസ്യനികുതി

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209 (ബി, സി) എന്നിവ പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഏതെങ്കിലും പരസ്യം പ്രദർശിപ്പിക്കുകയോ, ഉറപ്പിച്ചു വയ്ക്കുകയോ ചെയ്യുന്നതിന് പഞ്ചായത്ത് സെക്രട്ടറിയുടെ രേഖാമൂലമുള്ള അനുവാദം ആവശ്യമാണ്. സെക്രട്ടറിയുടെ അനുവാദമില്ലാതെ യാതൊരു തരത്തിലുള്ള പരസ്യങ്ങളും പ്രദർശിപ്പിക്കുവാൻ പാടുള്ളതല്ല. പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ച പരസ്യ ബോർഡുകളുടെ എണ്ണം, വലിപ്പം, ചുവർ പരസ്യങ്ങൾ തുടങ്ങിയവയുടെ വിശദാംശങ്ങൾ ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 256-ാം വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന് ഒരു ബൈലോ തയ്യാറാക്കാവുന്നതാണ്. പഞ്ചായത്ത് ഡയറക്ടറുടെ 18.05.2005 ലെ സി/5/15253/04 നമ്പർ സർക്കുലർ പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ പരസ്യ നികുതി ഈടാക്കുന്നതിനു വേണ്ടിയുള്ള മാതൃകാബൈലോ പ്രസിദ്ധീകരിച്ചിട്ടു ണ്ടെങ്കിലും പഞ്ചായത്തിൽ ബൈലോ തയ്യാറാക്കി പരസ്യനികുതി ഈടാക്കുന്നില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിലെ പരസ്യങ്ങൾക്ക് ചുമത്താവുന്ന നിരക്ക് നിശ്ചയിച്ച് ബൈലോ തയ്യാറാക്കി അംഗീകാരം ലഭ്യമാക്കുകയും ആയതനുസരിച്ച് പരസ്യനികുതി പിരിച്ചെടുക്കുവാനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. സേവന ഉപനികുതി

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരം ചുമത്താവുന്ന ഏറ്റവും കുറഞ്ഞ സേവന ഉപനികുതിയുടെ നിരക്കുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ജലവിതരണം - വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക.
2. തെരുവുവിളക്കുകൾ - വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക.
3. ശുചിത്വ പരിപാലനം - വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക.
4. ഡ്രൈനേജ് - വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക.

ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ ചട്ടപ്രകാരമുള്ള സേവന ഉപനനികുതി വസ്തു നികുതിയോടൊപ്പം ഈടാക്കുന്നതിനുള്ള സാധ്യത ഭരണസമിതി പരിശോധിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മീഡിയാശ്രീ പദ്ധതിക്ക് നൽകിയ തുകയുടെ വിനിയോഗ രേഖകൾ ലഭ്യമാക്കേണ്ടതാണ്

പ്രൊജക്ട്. നം-147/16-മീഡിയാശ്രീ

പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ:65000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ് :65000

ബിൽനം.9/2015-16 തിയതി.21-08-2015

സ.ഉ(സാധാ)നം. 3206/2014/ത.സ്വ.ഭ.വ തിയതി 5-12-2014 പ്രകാരം കുടുംബശ്രീ മീഡിയാശ്രീ പദ്ധതിയുടെ ഭാഗമായി കേരളത്തിലെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ചരിത്രവും വർത്തമാന പദ്ധതികളുടെ നിലവിലെ ഭരണസമിതിയുടെ നേട്ടങ്ങളും ഡോക്യുമെന്ററി ചിത്രങ്ങളായി പുറത്തിറക്കുന്നതിനായി 2014-15 വർഷത്തിൽ തനതുഫണ്ടിൽ നിന്നോ വികസന ഫണ്ടിൽ നിന്നോ 65000 ചെലവഴിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. സ.ഉ(സാധാ)നം. 482/2015 തിയതി 18-2-2015 പ്രകാരം സൗത്ത് എഷ്യൻ കോളേജ് എന്ന സ്ഥാപനം മുഖേന ഡോക്യുമെന്ററി നിർമ്മിക്കുവാൻ മുൻകൂറായി 30% തുക കുടുംബശ്രീക്ക് നൽകുന്നതിനും ജില്ലാതലത്തിൽ ഡി.ഡി.പി അധ്യക്ഷനായും ഡി.എം.സി അംഗവുമായി ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

2014-15 വർഷത്തിൽ തുക അനുവദിക്കുവാനാണ് സർക്കാർ അനുമതിയെങ്കിലും ഇപ്രകാരം ധനവിനിയോഗം നടത്താൻ കഴിയാതെ വന്ന ഗ്രാമ പഞ്ചായത്തുകൾക്ക് 2015-16 വർഷത്തിൽ തുക ചെലവഴിക്കാൻ അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ (സ.ഉ(സാധാ)നം. 813/2015/ത.സ്വ.ഭ.വ തിയതി 20-03-2015) 65000 രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽനിന്നും പിൻവലിച്ച് എക്സി.ഡയറക്ടർ, കുടുംബശ്രീ സ്റ്റേറ്റ് മിഷന്റെ പേരിൽ ഡി.ഡി എടുത്ത് അയച്ചുകൊടുത്തിട്ടുണ്ട്.(24-08-2015 ലെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഡി.ഡി നം.241426രൂപ 65000).പദ്ധതിയുടെ തുടർ നടത്തിപ്പിന്റെ വിവരങ്ങൾ,

യൂട്ടിലൈസേഷൻ എന്നിവ ലഭ്യമാക്കേണ്ടതാണ്.

## 3-2 അസാധാരണ ചെലവുകൾ- ചട്ടപ്രകാരമുള്ള രേഖകൾ സൂക്ഷിക്കണം

2015-16 ലെ തനത്ഫണ്ട് ചെലവ് രേഖകളുടെ പരിശോധനയിൽ ഉദ്ഘാടനങ്ങൾ, സംഭാവനകൾ തുടങ്ങിയ ഇനങ്ങളിൽ തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ആയത് അസാധാരണ ചെലവിനങ്ങളായി പരിഗണിക്കാതെ ദൈനംദിന ചെലവായാണ് രേഖപ്പെടുത്തിയിരിക്കുന്നത് എന്ന് കാണുന്നു. ചെലവ് രേഖകളിൽ അസാധാരണ ചെലവ് എന്ന് രേഖപ്പെടുത്തിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങൾ പ്രകാരം അസാധാരണ ചെലവുകൾ നടത്തുവാൻ അനുവദനീയമായ ഇനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് അസാധാരണ ചെലവ് സംബന്ധിച്ച ഒരു രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്. ഇതിൽ ചെലവാക്കിയ തുക, പഞ്ചായത്ത് തീരുമാനം നമ്പർ, തിയതി, ആകെ ചെലവ് തുക എന്നിവ രേഖപ്പെടുത്തിയിരിക്കണം. ചെലവഴിച്ച തുകയുടെ രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതും അസാധാരണ ചെലവുകളുടെ വാർഷിക കണക്ക് പ്രത്യേകമായി ഗ്രാമസഭകളിൽ അവതരിപ്പിക്കേണ്ടതുമാണ്. പഞ്ചായത്തിന്റെ തനത് ഫണ്ട് സ്ഥിതി സുസ്ഥിരമല്ലെന്നത് കൂടി പരിഗണിച്ച്, അസാധാരണ ചെലവുകൾ നിർവ്വഹിക്കുമ്പോൾ 2011 ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങളിലെ നിബന്ധനകൾ കർശനമായും പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-3 പൊതുടാപ്പുകളുടെ വെള്ളക്കരം -പഞ്ചായത്തിന് ബാദ്ധ്യത

ജല അതോറിറ്റിയുടെ കണക്കനുസരിച്ച് 243 പൊതുടാപ്പുകൾ ഗ്രാമപഞ്ചായത്തിൽ നിലവിലുണ്ട്. പ്രതിമാസ വെള്ളക്കരമായി 106313 രൂപയാണ് ഗ്രാമപഞ്ചായത്ത് ഒടുക്കുന്നത്. ധാരാളം കുടിവെള്ളപദ്ധതികൾ ഗ്രാമപഞ്ചായത്ത് ഓരോ വർഷവും ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ടെങ്കിലും പൊതുടാപ്പുകളുടെ എണ്ണം കുറവുചെയ്തിട്ടില്ല.

കുടിവെള്ള വിതരണം പഞ്ചായത്തിന്റെ അനിവാര്യ ചുമതല അല്ലാത്തതിനാലും , വാട്ടർ ചാർജ് അടവാക്കൽ പഞ്ചായത്തിന് ഭാരിച്ച ചെലവ് വരുന്നതിനാലും പൊതുടാപ്പുകൾ പരമാവധി ഒഴിവാക്കി ഗാർഹിക കണക്ഷൻ പ്രോത്സാഹിപ്പിച്ച് ഗ്രാമ പഞ്ചായത്തിന്റെ ബാധ്യത കുറക്കാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനായി സബ്സിഡി അനുവദിച്ച് പരമാവധി വീടുകളിലേക്ക് കണക്ഷൻ നൽകുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്. ജല അതോറിറ്റിയുമായി ചേർന്ന് സംയുക്ത ഭൗതിക പരിശോധന നടത്തി ഉപയോഗിക്കാത്ത ടാപ്പുകൾക്ക് വെള്ളക്കരം ഒടുക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്.

## 3-4 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണം

2015-16 വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പദ്ധതികളുടെ ചെലവ് സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്റ്റ് നം.പേര് | ഫണ്ട് സ്രോതസ്സ് | അടങ്കൽ | ചെലവ് | ബിൽ നം. തിയതി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | ഐ.എ.വൈ വിഹിതം<br><br>പ്രൊ.നം | വികസന ഫണ്ട് | 540000 | 540000 | 7/15-16/ 4.9.15 |
| 2 | ഐ.എ.വൈ വിഹിതം<br><br>പ്രൊ.നം | -ടി- | 444675 | 444675 | 8/15-16/ 4.9.15 |

പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിനായി കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 3-5 ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കണം

2015-16 വർഷത്തെ ഓഡിറ്റിനോടുബന്ധിച്ച് രേഖകൾ പരിശോധിച്ചതിൽ വിവിധ ഭവന നിർമ്മാണപദ്ധതികളിലെ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കാൻ ബാക്കിയുണ്ടെന്ന് കാണുന്നു. വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| ക്രമനം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ ആകെ തുക | കൈപ്പറ്റാൻ ബാക്കി നിൽക്കുന്ന തുക | അവസാനം തുക കൈപ്പറ്റിയ തിയ്യതി | പദ്ധതിയുടെ വിവരം |
|---|---|---|---|---|---|
| 1 | സജിത ഹരിദാസൻ, ചെമ്മണം കാട്. | 140000 | 60000 | 2.8.2014 | ഭവന നിർമ്മാണം ജനറൽ (2013-14 ൽ നിന്നുള്ള സ്പിൽ ഓവർ പദ്ധതി) |
| 2 | ഗീത രവി കണ്ടാത്ത് കളം, തിരുവക്കാട് | 180000 | 20000 | 22.8.2015 | ഭവന നിർമ്മാണം വനിത പ്രൊ.നം. 39/15-16 |
| 3 | ലത രാമൻ | 80000 | 120000 | 29.1.2016 | |
| 4 | പ്രസന്ന ഗംഗാധരൻ | 180000 | 20000 | 29.1.2016 | |
| 5 | വേശമ്മ വിജയൻ | 180000 | 20000 | 5.4.2016 | |
| 6 | വസന്ത സഹദേവൻ | 20000 | 180000 | വിവരം ലഭ്യമല്ല | |
| 7 | എസ്.രാജമ്മ, ചകിരാം തൊടി | 20000 | 180000 | വിവരം ലഭ്യമല്ല | പ്രൊ.നം-40/15-16 |
| 8 | ലക്ഷ്മി പുഞ്ചക്കോട് | 120000 | 80000 | 1.11.2016 | പ്രൊ.നം-32/15-16 |
| 9 | പുഷ്പലത, ചിറക്കൽ ഹൗസ് | 160000 | 40000 | 1.11.2016 | |

ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-6 ആശ്രയ പദ്ധതി- അവലോകനം

സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടവരും അഗതികളുമായവരെ പുനരധിവസിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച ആശ്രയ പദ്ധതിയുടെ ഒന്നാം ഘട്ടം തേങ്കുറിശ്ശി പഞ്ചായത്തിൽ ആരംഭിച്ചത് 2008 ലാണ്. 10-ാം പഞ്ചവത്സര പദ്ധതി മുതൽ (2007-12) തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ അഗതി കുടുംബങ്ങൾക്കുവേണ്ടി 'ആശ്രയ' എന്ന സ്പഷ്ടമായ ഒരു പ്രോജക്ടുണ്ടായിരിക്കണമെന്നും ആശ്രയ പ്രോജക്ട് തയ്യാറാക്കുക എന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയാണെന്നും ഗ്രാമപഞ്ചായത്തുകളുടെ ആശ്രയ പദ്ധതിയിലെ നിശ്ചിത ഘടകങ്ങൾക്കുവേണ്ട സഹായം ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും നൽകണമെന്നും മാർഗ്ഗരേഖയിൽ സർക്കാർ വ്യവസ്ഥ ചെയ്തിരുന്നു.

2008-09 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച് 2010-11 ൽ പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടാണ് തേങ്കുറിശ്ശി ഗ്രാമ പഞ്ചായത്തിൽ ഒന്നാം ഘട്ട ആശ്രയ പദ്ധതി തയ്യാറാക്കി അംഗീകാരം നേടിയത്. 62 കുടുംബങ്ങൾക്കുവേണ്ടി 3273400 രൂപ അടങ്കലുള്ള പദ്ധതിയിൽ ഉൾപ്പെട്ടിരുന്ന ആവശ്യകതാ ഘടകങ്ങളുടെയും സ്ഥിതി വിവര റിപ്പോർട്ട് പ്രകാരമുള്ള ഭൗതിക നേട്ടങ്ങളുടെയും വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ആവശ്യകതാ ഘടകങ്ങൾ | ഗുണഭോക്തൃ കുടുംബങ്ങളുടെ എണ്ണം | സേവനം ലഭ്യമായവരുടെ എണ്ണം/ ശതമാനം | |
|---|---|---|---|
| വീട് വെക്കാൻ സ്ഥലം | 5 | 2 | 40% |
| ഭവന നിർമ്മാണം | 33 | 17 | 52% |
| വീട് പുനരുദ്ധാരണം | 29 | 19 | 66% |

ഈ ആവശ്യകതകൾ നിറവേറ്റുന്നതിനായി താഴെപറയും പ്രകാരം തുക വകയിരുത്തുകയും ചെയ്തിരുന്നു.

| ഫണ്ട് ഇനം | തുക | സി.ഡി.എസ് അക്കൗണ്ടിൽ ലഭ്യമായ തുക | ചെലവഴിച്ചത് | ബാക്കി |
|---|---|---|---|---|
| പദ്ധതി വിഹിതം (ജനറൽ, എസ്.സി.പി, പഞ്ചായത്ത് വിഹിതം, ജില്ലാ പഞ്ചായത്ത് വിഹിതം) | 2530400 | 2530400 | 1373000 | 1157400 |
| കുടുംബശ്രീ ചലഞ്ച് ഫണ്ട് | 743000 | 743000 | 743000 | |
| ആകെ | 3273400 | 3273400 | 2116000 | 1157400 |

ഒന്നാം ഘട്ടത്തിൽ ഉൾപ്പെട്ടിരുന്ന എല്ലാ ഗുണഭോക്താക്കളുടെയും ആവശ്യങ്ങൾ പൂർണ്ണമായി നിറവേറ്റപ്പെടാത്ത സാഹചര്യത്തിൽ പുന:സന്ദർശനം നടത്തി തുടർ സേവനങ്ങൾക്കായി പ്രൊജക്ട് തയ്യാറാക്കി അംഗീകാരവും ഫണ്ടും ലഭ്യമാക്കേണ്ടതായിരുന്നു. എന്നാൽ ഈ നടപടി ക്രമങ്ങൾ പാലിക്കാതിരുന്നതു കാരണം ഒന്നാംഘട്ടത്തിലെ ഗുണഭോക്താക്കൾക്ക ഭക്ഷണം ഉൾപ്പെടെയുള്ള തുടർ സേവനങ്ങൾ ലഭ്യമാകാത്ത സ്ഥിതിയാണുള്ളത്.

രണ്ടാം ഘട്ട പദ്ധതി

2015-16 മുതൽ 2017-18 വരെ

| ആവശ്യകതാ ഘടകങ്ങൾ | ഗുണഭോക്തൃ കുടുംബങ്ങളുടെ എണ്ണം | സേവനം ലഭ്യമായവരുടെ എണ്ണം/ ശതമാനം | സേവനം ലഭ്യമാകാത്തവരുടെ എണ്ണം/ ശതമാനം |
|---|---|---|---|
| ഭക്ഷണം | 82 | പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല | |
| വിദ്യാഭ്യാസം | 9 | | |
| ചികിൽസ | 12 | | |
| വീട് | 12 | | |
| ഭൂമി | 1 | | |
| കക്കൂസ് | 2 | | |

രണ്ടാം ഘട്ട പദ്ധതിയിൽ 205-16 വർഷത്തേക്ക് താഴെപറയും പ്രകാരം തുകയാണ്

വകയിരുത്തിയിട്ടുള്ളത്.

| ഫണ്ട് ഇനം | വകയിരുത്തിയ തുക |
|---|---|
| പദ്ധതി വിഹിതം<br>(ജനറൽ, എസ്.സി.പി, പഞ്ചായത്ത് വിഹിതം, ജില്ലാ പഞ്ചായത്ത് വിഹിതം) | ഇല്ല |
| കുടുംബശ്രീ ചലഞ്ച് ഫണ്ട് | 290000 |
| ആകെ | 290000 |

ഒന്നാംഘട്ട പദ്ധതിയുടെ കാലയളവ് പൂർത്തിയായ ശേഷം റി-വിസിറ്റ് നടത്തി തുടർസേവനം ആവശ്യമുള്ളവരെ കണ്ടെത്തി അതിനു വേണ്ട പദ്ധതി തയ്യാറാക്കേണ്ടതായിരുന്നു. ഇത് കൃത്യമായി ചെയ്യാത്തതു കാരണം ഒന്നാം ഘട്ടത്തിലെ തുടർസേവനങ്ങൾക്ക് അർഹരായ ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ നിഷേധിക്കപ്പെട്ടിരിക്കുകയാണ്. പദ്ധതി ഓരോ ഘട്ടം പുരോഗമിക്കുമ്പോൾ മുൻ ഘട്ടങ്ങളിലെ തുടർസേവനം ആവശ്യമുള്ളവരെ പാതിവഴിയിൽ ഉപേക്ഷിക്കുന്ന പ്രവണത ഒഴിവാക്കണം. ആക്ഷൻപ്ലാനിൽ വിഭാവനം ചെയ്തിരുന്ന ആവശ്യകതകൾ പൂർത്തീകരിച്ചാൽ മാത്രമെ പദ്ധതി ലക്ഷ്യം നേടിയതായി കണക്കാക്കുവാൻ സാധിക്കുകയുള്ളു. ആശ്രയ പദ്ധതിയുടെ സാമൂഹ്യപ്രതിബദ്ധത നിറവേറ്റാൻ ഉതകുന്നവിധത്തിൽ കാര്യക്ഷമമായും സമയബന്ധിതമായും വിവിധ സേവനഘടകങ്ങൾ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നു എന്ന ഉറപ്പു വരുത്തുന്നതിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-7 മാലിന്യ സംസ്കരണം ശാസ്ത്രീയമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കണം

ഗ്രാമ പഞ്ചായത്ത് പരിധിയിലെ മാലിന്യം ശേഖരിക്കുന്നതിന് സി.ഡി.എസ് മുഖാന്തിരം ഐശ്വര്യ കുടുംബശ്രീ യൂണിറ്റിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.

തനത് ഫണ്ടിൽ നിന്ന് പ്രതിമാസം 8000 രൂപയാണ് ഈ ഇനത്തിൽ ചെലവഴിക്കുന്നത്. ഓഡിറ്റ് വർഷത്തിൽ ആകെ 96000 രൂപ ഇതിനായി ചെലവഴിച്ചിട്ടുണ്ട്. 2008-09 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നൽകിയ പെട്ടിഓട്ടോറിക്ഷ ഉപയോഗിച്ച് ശേഖരിക്കുന്ന മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് നിലവിൽ സാഹചര്യമില്ല. ഇത്തരത്തിൽ ശേഖരിക്കുന്ന ഖരമാലിന്യങ്ങൾ പഞ്ചായത്ത് ഉടമസ്ഥതയിലുള്ള പൊതുശ്മശാനത്തിൽ കൂട്ടിയിട്ട് കത്തിക്കുകയാണ് ചെയ്യുന്നത്. വേർതിരിക്കാതെ ശേഖരിക്കുന്നതിനാൽ പ്ലാസ്റ്റിക്ക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ഭാഗികമായി കത്തിയനിലയിൽ പൊതുശ്മശാനത്തെ മലിനീകരിക്കുന്ന അവസ്ഥയാണ് ഉള്ളത് എന്ന് സ്ഥലം സന്ദർശിച്ച ഓഡിറ്റ് ടീമിന് ബോധ്യപ്പെട്ടു. ഖരമാലിന്യ സംസ്കരണം ശാസ്ത്രീയമാക്കുന്നതിനുള്ള നടപടികൾ കാലതാമസം കൂടാതെ നടപ്പാക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-8 തനതു ഫണ്ടിൽ നിന്നും കെ.എസ്.ഇ.ബിക്ക് നൽകിയ അഡ്വാൻസ് ക്രമീകരിച്ചിട്ടില്ല

2015-16 കാലയളവിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിനായി താഴെ പറയും പ്രകാരം 63470 രൂപ കെ.എസ്.ഇ.ബിക്ക് നൽകിയിട്ടുണ്ട്.

| ക്രമ നം | വൗച്ചർ നം | തിയതി | തുക |
|---|---|---|---|
| 1 | 21500151 | 27-05-2015 | 8288 |
| 2 | 21500770 | 09-12-2015 | 8950 |
| 3 | 21500771 | 09-12-2015 | 6240 |
| 4 | 21500804 | 22-12-2015 | 18680 |
| 5 | 21500909 | 27-01-2016 | 910 |
| 6 | 21500976 | 02-02-2016 | 7546 |
| 7 | 21500979 | 03-02-2016 | 12856 |
| | | ആകെ | 63470 |

തനത് ഫണ്ടിൽ നിന്നും മേൽ പ്രകാരം ചെലവഴിച്ച 63470രൂപയിൽ 41396/- രൂപ വികസന ഫണ്ടിൽ നിന്നും പ്രൊജക്ട് പ്രകാരം പിൻവലിച്ച് തനത് ഫണ്ടിൽ മുതൽക്കൂട്ടിയിട്ടുണ്ട്.ബാക്കി 22074 രൂപ വർഷാന്ത്യത്തിൽ വീണ്ടെടുക്കാൻ അവശേഷിക്കുന്നു. വൈദ്യുതി ബോർഡിൽ നിന്നും യൂട്ടിലൈസേഷൻ ലഭ്യമാക്കി അവശേഷിക്കുന്ന തുകകൂടി പദ്ധതിവച്ച് പ്ലാൻ ഫണ്ടിൽ നിന്നും വീണ്ടെടുക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 കണക്ടിവിറ്റി പ്ലാൻ നടപ്പാക്കിയില്ല; റോഡുകളെ ചെറിയ കഷണങ്ങളാക്കി പ്രോജക്ടുകൾ ഉണ്ടാക്കുന്നു

എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും തങ്ങളുടെ പരിധിയിലുള്ള വിവധതരം റോഡുകളുടെ സർവ്വേ നടത്തി റോഡ്നെറ്റ് വർക്ക് പ്ലാൻ തയ്യാറാക്കണമെന്നും, ഈ റോഡ് നെറ്റ് വർക്ക് പ്ലാനിന്റെ അടിസ്ഥാനത്തിൽ മുൻഗണന നിശ്ചയിച്ച് പുതിയ റോഡുകളുടെയും, പുനരുദ്ധരിക്കേണ്ട റോഡുകളുടെയും പ്രോജക്ടുകൾ ഏറ്റെടുക്കണമെന്നും പദ്ധതിമാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിരുന്നു. പുതിയതായി നിർമ്മിക്കേണ്ടതും, പരിഷ്കരിക്കേണ്ടതുമായ റോഡുകളെ ചെറിയ കഷണങ്ങളാക്കി പ്രോജക്ടുകൾ ഉണ്ടാക്കാതെ ഓരോ റോഡിന്റെയും മുഴുവൻ നീളത്തിനാണ് പ്രോജക്ട് ഉണ്ടാക്കേണ്ടത്. ഒരു റോഡ് നിർമ്മാണം, ഒന്നിൽ കൂടുതൽ വർഷം നീണ്ടുപോയാലും, ഒറ്റ പ്രോജക്ടായി തന്നെ പൂർത്തിയാക്കേണ്ടതാണ്. എന്നാൽ സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പശ്ചാത്തല മേഖലയിൽ റോഡ് വികസനത്തിന് വകയിരുത്തിയ തുക വാർഡ് അടിസ്ഥാനത്തിൽ വീതം വെച്ച് ചെറിയ നീളം കോൺക്രീറ്റ്/റീടാറിംഗ് ചെയ്യുന്നതിനുള്ള പ്രവൃത്തികളാണ് ഓഡിറ്റ് കാലയളവിൽ ഏറെയും ഏറ്റെടുത്തിട്ടുള്ളത്. ഇത്തരം നടപടികൾ നിമിത്തം റോഡുകളുടെ സമഗ്രമായ വികസനം സാധ്യമാകാതെ വരികയും പദ്ധതി ലക്ഷ്യം നേടുന്നതിൽ പരാജയപ്പെടുകയും ചെയ്യുന്നു.ഉദാഹരണത്തിന് ചെള്ളിമാർത്തറ റോഡ് മെച്ചപ്പെടുത്തൽ (പ്രോജക്ട്.നം166/2016),കുന്നംപുറം ബ്രാഞ്ച് റോഡ് (പ്രോജക്ട്.നം.167/2016) എന്നീ പദ്ധതികൾ ചെറിയ നീളത്തിൽ തുണ്ടുകളാക്കി ചെയ്തതിനാൽ നിലവിൽ അവശേഷിച്ച ഭാഗത്തിന് ഫീസിബിലിറ്റി ലഭിക്കാത്തതിനാൽ പൂർത്തിയാക്കാനാവാതെ കിടക്കുന്നു

വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വയ്ക്കുന്നത് വിഭവ വിന്യാസത്തിന്റെ ഫലപ്രാപ്തിയെ സാരമായി ബാധിക്കുമെന്നതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തെ മൊത്തത്തിൽ ഒരു യൂണിറ്റായി കണ്ട് സമസ്തമേഖലകളിലെയും ജനങ്ങളുടെ ആവശ്യങ്ങൾ കണക്കിലെടുത്ത് സമഗ്ര പദ്ധതികളാണ് തയ്യാറേക്കണ്ടത്. പശ്ചാത്തല വികസനത്തിന് ലഭ്യമായ തുക വാർഡ് അടിസ്ഥാനത്തിൽ വീതം വയ്ക്കുന്നത് തെറ്റായ പ്രവണതയാണ്. വാർഡ് വികസനമെന്ന സങ്കുചിത കാഴ്ചപ്പാടിൽനിന്നും പുറത്തുവന്ന് സമസ്തമേഖലകളിലെയും ജനങ്ങളുടെ ആവശ്യങ്ങൾ കണക്കിലെടുത്ത് സമഗ്രപദ്ധതികൾ തയ്യാറാക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി ശ്രദ്ധപതിപ്പിക്കേണ്ടതാണ്. അതുപോലെ തന്നെ പഞ്ചായത്തിലെ വിവിധതരം റോഡുകളുടെ സർവ്വേ നടത്തി റോഡ്നെറ്റ് വർക്ക് പ്ലാൻ തയ്യാറാക്കി

ആയതിന്റെ അടിസ്ഥാനത്തിൽ മാത്രം റോഡ് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിനും നടപടിയുണ്ടാകേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 755730 | /15-16<br>നെൽകൃഷിക്ക് ഉഴവ് കൂലി നൽകൽ | 755730 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 430706 | ടി | 430706 | 0 |
| കേന്ദ്ര വിഹിതം | മുന്നിരിപ്പ്-546038<br>വരവ്-669339 | അങ്കണവാടി പോഷകാഹാരം | 483604 | 731773 |
| ജില്ലാ പഞ്ചായത്ത് | 15000 | ഗായത്രി വാട്ടർഷെഡ് | 0 | 15000 |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൌച്ചർ നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| KSEB | പ്രൊ. നം-128/15-16<br>തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ | 21501004/ / 29.2.16-<br>21501199/29.3.16- | 400000/-<br>92400/- | | | |
| -ടി- | പ്രൊ. നം-170 /15-16<br>ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 21501181/29.3.16<br>21501181/29.3.16 | 30629<br>10767 | | | 41396<br>63470 |

| | | | | | | | |
|---|---|---|---|---|---|---|---|
| KWA | പ്രൊ.നം-171/15-16<br>പണ്ടാരക്കളം, കാട്ടുമൂച്ചി, പഴതറ പ്രദേശങ്ങളിലെ പൈപ്പ് ലൈനുകൾ വാട്ടർ അതോറിറ്റി പൈപ്പ് ലൈനുമായി ബന്ധിപ്പിക്കൽ | 21500947/<br>30.1.16 | 25000 | | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഒന്നുമില്ല

## 4-4 വായ്പ

(i)വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം.

| ക്രമ നം. | 2015-16 ൽ ലഭിച്ച വായ്പ | ഉദ്ദേശ്യം | നിശ്ചിത കാലാവധിയിൽ ചെലവഴിച്ച തുക | വിനിയോഗിയ്ക്കാനവശേഷിയ്ക്കുന്നത് | ഉദ്ദേശ്യലക്ഷ്യം നേടിത് സംബന്ധിച്ച വിവരം. |
|---|---|---|---|---|---|
| വായ്പ ഇല്ല | | | | | |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 4304 രൂപ ഈടാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം,തിയതി |
|---|---|---|---|---|
| 2009-10 | 3(7) | 4000 | ശ്രീമതി. കനകമണി, മുൻ മെമ്പർ | 11501101031/11.8.2015 |
| 2008-09 | 2(1) | 304 | ലഭ്യമല്ല | 11501400002/ 26.8.2015 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2012-13 | വിഷയാധിഷ്ഠിത അവലോകനം | 2014-15 | 4.1.13 | നിഷ്ക്രിയമായ കാർഷിക ഉപകരണങ്ങൾ | ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി വിഷയം പരിഗണിച്ചിട്ടില്ല. |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 45660760 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 63161790 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഒന്നുമില്ല | | |

ക്രമാനുസാരമാക്കാൻ കഴിയുന്ന ഓഡിറ്റ് തടസ്സങ്ങൾ

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഒന്നുമില്ല | | |

സാധൂകരിക്കാവുന്ന ഓഡിറ്റ് പരാമർശങ്ങൾ

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഒന്നുമില്ല | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|

| | |
|---|---|
| | ഒന്നുമില്ല |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| | ഒന്നുമില്ല | |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | എൽ.എഫ്.പി7-276/98/24-9-1998 | റിപ്പോർട്ട് |
| 1997-98 | എൽ.എഫ്.പി7-891/98/1-11-2005 | പുനരഭിപ്രായം |
| 1998-99 | എൽ.എഫ്.പി12-324/2001/16-4-2001 | പുനരഭിപ്രായം |
| 1999-2000 | എൽ.എഫ്.പി12-929/2002/7-10-2002 | സർചാർജ്ജ് നടപടി |
| 2000-01 | എൽ.എഫ്.പി13-14/2005/26-10-2005 | പുനരഭിപ്രായം |
| 2001-02 | എൽ.എഫ്.പി13-106/2005/ 22-10-2005 | പുനരഭിപ്രായം |
| 2002-03 | എൽ.എഫ്.പി15-932/2005/7-8-2006 | പുനരഭിപ്രായം |
| 2003-04 | എൽ.എഫ്.പി15-1710/2008/8-9-2010 | പുനരഭിപ്രായം |
| 2004-05 | എൽ.എഫ്.പി15-361/2011/5-3-2011 | പുനരഭിപ്രായം |
| 2005-06 | എൽ.എഫ്.പി15-1921/2015/ 14-1-2016 | സാധൂകരണം |
| 2006-07 | എൽ.എഫ്.പി15-1250/2011/8-8-2011 | പുനരഭിപ്രായം |
| 2007-08 | എൽ.എഫ്.പി15-1921/2015/14-1-2016 | സാധൂകരണം |
| 2008-09 | എൽ.എഫ്.പി15-1208/2014/8-8-2014 | കത്ത് |
| 2009-10 | എൽ.എഫ്.പി15-121/2014/29-3-2014 | ശുദ്ധിപത്രം |
| 2010-11 | എൽ.എഫ്.പി15-1533/2015/10-9-2015 | സർചാർജ്ജ് നടപടി |
| 2011-12 | എൽ.എഫ്.പി15-1941/2014/ 17-11-2014 | പുനരഭിപ്രായം |
| 2012-13 | എൽ.എഫ്.പി15-1026/2015/5-3-2016 | പുനരഭിപ്രായം |
| 2013-14 & 2014-15 | കെ.എസ്.എ. പി.കെ.ഡി-15/364/16/ 29.3.2016 | ഓഡിറ്റ് റിപ്പോർട്ട് |

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം. കെ.എസ്.എ-പികെഡി15/123/2017


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

ഫോൺ - 04912420145

e-mail – dopkd.ksad@kerala.gov.in


തിയതി -27-01-2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

No. KSA-PKD15/123/2017


Kerala State Audit Department

District Audit Office

Palakkad

Tel. 04912520145

E-mail – dopkd.ksad@kerala.gov.in


Date –27-01-2017

Audit Certificate

Certified that I have audited the Annual Financial Statement of THENKURISSI Gramapanchayat in Palakkad District for the year ended on 31-3-2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of THENKURISSI Gramapanchayat for the year 2015-16 properly presents the picture of income and expenditure.

Deputy Director